प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
**DEPARTMENT OF COMMUNICATION**, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 10, 2018

**ഉത്തർപ്രദേശ് മധുരയിലെ, മധുര സിലാ സഹകാരിബാങ്ക് ലിമിറ്റഡിനുമേൽ പിഴ ചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്ക് ബാധകമാംവിധം) സെക്ഷൻ 47 A (1)(c), സെക്ഷൻ 46(4) എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം റിസർവ്ബാങ്ക്ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച് ഉത്തർപ്രദേശ് മധുരയിലെ മധുര സിലാ സഹകാരി ബാങ്ക് ലിമിറ്റഡിനുമേൽ 50,000 രൂപ (രൂപ അമ്പതിനായിരം മാത്രം) യുടെ പണപ്പിഴ ചുമത്തി. ഇതേ ആക്ടിൻറെ സെക്ഷൻ 19 അനുസരിച്ച്, മറ്റുസഹകരണ സംഘങ്ങളുടെ ഓഹരികളിൽ നിക്ഷേപിക്കുന്നത് സംബന്ധമായ ആർബിഐ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ലംഘിച്ചതിനാണ് ഈ പിഴ ചുമത്തി യിട്ടുള്ളത്.

ബാങ്കിന്, റിസർവ് ബാങ്ക് ഒരു കാരണംകാണിക്കൽ നോട്ടീസ് നൽകിയതിന്, ബാങ്ക് രേഖാമൂലമുള്ള ഒരു മറുപടി സമർപ്പിച്ചു. കേസിൻറെ വസ്തുതകൾ പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താണെന്നും പിഴ ചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ റിസർവ് ബാങ്ക് എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/846